**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 നവംബർ 7, വ്യാഴം

**നമ്പർ 190**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്കുള്ള പി.എസ്.സി. എഴുത്ത് പരീക്ഷയിൽ ക്രമക്കേട് നടത്തിയവർക്ക് ജാമ്യം ലഭിക്കാനും അന്വേഷണം വഴിതിരിച്ചുവിടാനും ശ്രമിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അനൂപ് ജേക്കബും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിച്ചുനൽകാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ബി. സത്യൻ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ് '-ന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. കെ. ബഷീർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1320/2019 (i).

**ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :**

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | ആറാട്ടുപുഴ, തൃക്കുന്നപ്പുഴ ഭാഗങ്ങളിലെ കടലാക്രമണം | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. ഡി. കെ. മുരളി | കല്ലറ വില്ലേജിലെ റീസർവ്വേ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | പുനലൂർ-പത്തനാപുരം - കോന്നി റോഡ് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. സി. ജോസഫ് | വെള്ളാട് -കരുവഞ്ചാൽ റോഡിന്റെ നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. എൻ. എ. ഖാദർ | നാടക കലാകാരൻമാരെ സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീമതി സി. കെ. ആശ | വെള്ളൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണം | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. സി. കൃഷ്ണൻ | പെരിങ്ങോം ഫയർ സ്റ്റേഷൻ | മുഖ്യമന്ത്രി |
| 8 | ശ്രീ. വി. അബ്ദുറഹിമാൻ | താനൂരിലെ തീരപ്രദേശങ്ങളിലെ അക്രമസംഭവങ്ങൾ | മുഖ്യമന്ത്രി |
| 9 | ശ്രീ. വി. ഡി. സതീശൻ | ഖാദി റിബേറ്റ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ജോയി | അയിരൂരിലെ ഗ്ലോബൽ ആയുർവേദ വില്ലേജ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

(1) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. ഇ. ചന്ദ്രശേഖരൻ 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചു.

(2) പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനുമായ പ്രൊഫ. സി. രവീന്ദ്രനാഥ് 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2019-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിച്ചു.

(3) തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. റ്റി. പി. രാമകൃഷ്ണൻ 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

(4) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയപ്രകാരം എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരൻ 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

(5) പിന്നോക്കസമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. ചിറ്റയം ഗോപകുമാർ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിച്ചു.

(6) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. എൻ. വിജയൻപിള്ള സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിച്ചു.

<u>സ്പീക്കറുടെ അറിയിപ്പ്</u> :

സ്പീക്കർ താഴെപ്പറയുന്ന അറിയിപ്പ് നൽകി.

2019 ഒക്ടോബർ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശകസമിതിയുടെ 16-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2019-ലെ മദ്രാസ് ഹിന്ദുമതധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവ യഥാക്രമം 2019 നവംബർ 13, 14 തീയതികളിൽ സഭയുടെ പരിഗണനയ്ക്കായി വരുന്നതാണ്. എന്നാൽ ഭരണപരമായ കാരണങ്ങളാൽ പ്രസ്തുത ബില്ലുകളുടെ പരിഗണനാ തീയതികൾ പരസ്പരം മാറ്റിനൽകണമെന്ന് ബന്ധപ്പെട്ട മന്ത്രിമാർ അഭ്യർത്ഥിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ 2019 ഒക്ടോബർ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശകസമിതിയുടെ 16-ാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സഭയുടെ അനുമതിയോടെ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് 2019 നവംബർ 13, 14 തീയതികളിൽ സഭ പരിഗണിക്കാനിരിക്കുന്ന മേൽപ്പറഞ്ഞ രണ്ട് ബില്ലുകളുടെയും പരിഗണനാ തീയതികൾ പരസ്പരം മാറ്റി നിശ്ചയിക്കുകയാണ്.

<u>നിയമനിർമ്മാണകാര്യം :</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബില്ലുകൾ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. അനൂപ് ജേക്കബ് ഭേദഗതിയെ പിന്തുണച്ച് സംസാരിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. ജോയി അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. വി. ആർ. സുനിൽ കുമാർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ആർ. രാമചന്ദ്രൻ പ്രസ്തുത ഭേദഗതിയെ പിന്തുണച്ച് സംസാരിച്ചു.

2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സി. ദിവാകരനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. എസ്. ശിവകുമാർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എം. വിൻസെന്റും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയിൽ ഉയർന്ന ചോദ്യങ്ങൾക്ക് മന്ത്രി മറുപടി നൽകി. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ സംബന്ധിച്ച് ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച ഭേദഗതി സഭ തള്ളുകയും ശ്രീ. വി. ജോയി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു.

2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ സംബന്ധിച്ച് ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഭേദഗതി സഭ തള്ളുകയും ചെയ്തു.

മന്ത്രി അവതരിപ്പിച്ച പ്രമേയങ്ങൾ സഭ അംഗീകരിക്കുകയും ബില്ലുകൾ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2019 നവംബർ 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 4.12-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

Sixteenth Session

# BULLETIN—PART I

( Brief Record of Proceedings )

*Thursday, November 7, 2019*

**No. 190**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion* :

After hearing the Chief Minister the Speaker withheld consent to the moving of an Adjournment motion given notice of by Shri Anoop Jacob and three other Members regarding the serious situation reported to have arisen consequent on the granting of bail to the accused and the reported attempts to divert the investigation of the irregularities in the P.S.C. written examination for the recruitment of Civil Police Officer.

In protest against the attitude of the Government in this matter the Members belonging to the opposition staged a walkout.

*Calling Attention* :

(1) Shri B. Satyan called the attention of the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs to the necessity to take steps to construct houses for the people belonging to Scheduled Castes and Scheduled Tribes living in uninhabitable houses. The Minister made a statement thereto.

(2) Shri P. K. Basheer called the attention of the Chief Minister to the necessity to accelerate the functioning of Rebuild Kerala Intiative. The Chief Minister made a statement thereto.

KNPP. 1320/2019 (ii).

*The Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | ആറാട്ടുപുഴ, തൃക്കുന്നപ്പുഴ ഭാഗങ്ങളിലെ കടലാക്രമണം | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. ഡി. കെ. മുരളി | കല്ലറ വില്ലേജിലെ റീസർവ്വേ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | പുനലൂർ-പത്തനാപുരം-കോന്നി റോഡ് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. സി. ജോസഫ് | വെള്ളാട്-കരുവഞ്ചാൽ റോഡിന്റെ നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. എൻ. എ. ഖാദർ | നാടക കലാകാരൻമാരെ സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീമതി സി. കെ. ആശ | വെള്ളൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണം | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. സി. കൃഷ്ണൻ | പെരിങ്ങോം ഫയർ സ്റ്റേഷൻ | മുഖ്യമന്ത്രി |
| 8 | ശ്രീ. വി. അബ്ദുറഹിമാൻ | താനൂരിലെ തീരപ്രദേശങ്ങളിലെ അക്രമസംഭവങ്ങൾ | മുഖ്യമന്ത്രി |
| 9 | ശ്രീ. വി. ഡി. സതീശൻ | ഖാദി റിബേറ്റ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ജോയി | അയിരൂരിലെ ഗ്ലോബൽ ആയുർവേദ വില്ലേജ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports* :

(1) Shri E. Chandrasekharan, Minister for Revenue and Housing and Chairman, Subject Committee-II presented the Report of the Committee on The Madras Hindu Religious and Charitable Endowments (Amendment) Bill, 2019.

(2) Prof. C. Raveendranath, Minister for General Education and Chairman, Subject Committee-VI presented the Reports of the Committee on The University laws (Amendment) Bill, 2019 and The University laws (Amendment) (No.2 ) Bill, 2019.

(3) Shri T. P. Ramakrishnan, Minister for Labour and Excise and Chairman, Subject Committee-VII presented the Report of the Committee on The Kerala Jewellery Workers' Welfare Fund (Amendment) Bill, 2019.

(4) Shri E. Chandrasekharan, Minister for Revenue and Housing and Ex-Officio Member, Subject Committee IX as authorised by Shri A. C. Moideen, Minister for Local Self Governments and Chairman, Subject Committee-IX presented the Report of the Committee on The Kerala Municipality (Amendment) Bill, 2019.

(5) Shri Chittayam Gopakumar, Chairman, Committee on the Welfare of Backward Class Communities presented Sixth Report of the Committee.

(6) Shri N. Vijayan Pillai, Chairman, Committee on Private Members' Bills and Resolutions presented the Seventeenth Report of the Committee.

*Announcement by the Speaker* :

The Speaker made the following announcement.

2019 ഒക്ടോബർ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശകസമിതിയുടെ 16-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2019-ലെ മദ്രാസ് ഹിന്ദുമതധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവ യഥാക്രമം 2019 നവംബർ 13, 14 തീയതികളിൽ സഭയുടെ പരിഗണനയ്ക്കായി വരുന്നതാണ്. എന്നാൽ ഭരണപരമായ കാരണങ്ങളാൽ പ്രസ്തുത ബില്ലുകളുടെ പരിഗണനാ തീയതികൾ പരസ്പരം മാറ്റിനൽകണമെന്ന് ബന്ധപ്പെട്ട മന്ത്രിമാർ അഭ്യർത്ഥിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ 2019 ഒക്ടോബർ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 16-ാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സഭയുടെ അനുമതിയോടെ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് 2019 നവംബർ 13, 14 തീയതികളിൽ സഭ പരിഗണിക്കാനിരിക്കുന്ന മേൽപ്പറഞ്ഞ രണ്ട് ബില്ലുകളുടെയും പരിഗണനാ തീയതികൾ പരസ്പരം മാറ്റി നിശ്ചയിക്കുകയാണ്.

*Legislative Business* :

(I) Shri E. P. Jayarajan, Minister for Industries, Sports and Youth Affairs introduced The Kerala Micro Small and Medium Enterprises Facilitation Bill, 2019 and The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2019 and laid the statements under rule 75(1). The Minister also moved that the Bills be referred to Subject Committee IV.

Shri K. N. A. Khader moved an amendment to circulate The Kerala Micro Small and Medium Enterprises Facilitation Bill, 2019 for eliciting public opinion and spoke. Shri Anoop Jacob seconded the motion and spoke. Shri V. Joy moved another amendment for referring the Bill to a Select Committee and spoke. Shri R. Ramachandran as authorised by Shri V. R. Sunil Kumar seconded the motion and spoke.

Shri C. Divakaran moved an amendment to circulate The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2019 for eliciting public opinion and Shri M. Vincent as authorised by Shri V. S. Sivakumar moved another amendment for referring the Bill to a Select Committee and spoke.

The Minister replied to the points raised during the discussion. The motion moved by Shri K. N. A. Khader in respect of The Kerala Micro Small and Medium Enterprises Facilitation Bill, 2019 was declared lost and the motion moved by Shri V. Joy was withdrawn by the leave of the House.

The motion moved by Shri C. Divakaran in respect of The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2019 was withdrawn by the leave of the House and the motion moved by Shri M. Vincent was declared lost.

The motions moved by the Minister were adopted and the Bills were referred to Subject Committee IV—Industries and Minerals.

The House adjourned at 4.12 p.m. to meet again at 9.00 a.m. on Friday November 8, 2019.

S. V. UNNIKRISHNAN NAIR,

*Secretary.*